Draft #2 of File 11295/AC B6/1/2019/AC B 6 Approved by ASSISTANT REGISTRAR IV ACADEMIC on 25-Apr-2019 01:51 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2019-20 വർഷത്തെ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള സ്പോർട്സ്/ കൾച്ചറൽ ക്വാട്ടാ പ്രവേശനം - ഒരു പ്രോഗ്രാമിലെ സ്പോർട്സ്/ കൾച്ചറൽ ക്വാട്ടാകളിലേക്ക് പ്രവേശനം നൽകാവുന്ന പരമാവധി സീറ്റുകളുടെ എണ്ണം നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 6 സെക്ഷൻ**

നമ്പർ. 1762/AC B 6/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 29.04.2019

---

പരാമർശം:-1) 2018 -19 വർഷത്തെ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിലെ 3(iv) ഖണ്ഡിക

**ഉത്തരവ്**

ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റിന്റെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം സ്പോർട്സ് ക്വാട്ടയിലേക്കുള്ള പ്രവേശനത്തിന് ഓരോ പ്രോഗ്രാമിനും രണ്ട് സീറ്റ് വീതവും കൾച്ചറൽ ക്വാട്ടായിലേക്കുള്ള പ്രവേശനത്തിന് ഓരോ പ്രോഗ്രാമിനും ഒരു സീറ്റു വീതവും സംവരണം ചെയ്തിട്ടുള്ളതും ഈ സീറ്റുകൾക്ക് 'ഇന്റർ ചെയിഞ്ചബിലിറ്റി' ബാധകമാക്കിയിട്ടുള്ളതുമാണ്. തദനുസരണം ഒരു കോളേജിലെ മുഴുവൻ പ്രോഗ്രാമിനും അനുവദനീയമായ സ്പോർട്സ്/ കൾച്ചറൽ ക്വാട്ടാ സീറ്റുകൾ പൂൾ ചെയ്ത് ഒരു പ്രോഗ്രാമിലേക്ക് നൽകാവുന്നതും ഇങ്ങനെ വരുമ്പോൾ ഒരു പ്രോഗ്രാമിലെ പൊതുവിഭാഗത്തിനായുള്ള മെറിറ്റ് സീറ്റുകളിൽ ഇതു മൂലം കുറവ് സംഭവിക്കുകയും ചെയ്യുന്നു.

മേൽ സാഹചര്യം ഒഴിവാക്കുന്നതിനായി സ്പോർട്സ്/ കൾച്ചറൽ ക്വാട്ടാ പ്രവേശനത്തിനു താഴെപ്പറയുന്ന മാനദണ്ഡം നടപ്പിലാക്കാവുന്നതാണ്.

1. സ്പോർട്സ് ക്വാട്ടാ പ്രവേശനത്തിനു ഒരു പ്രോഗ്രാമിനു 2 സീറ്റ് എന്ന ക്രമത്തിൽ നിലവിലുള്ള സംവരണം തുടരാവുന്നതും എന്നാൽ 'ഇന്റർ ചെയിഞ്ചബിലിറ്റി' അനുവദിക്കുമ്പോൾ മറ്റ് പ്രോഗ്രാമുകളിൽ നിന്നും ഒരു പ്രോഗ്രാമിലേക്ക് പൂൾ ചെയ്യുന്ന സ്പോർട്സ് ക്വാട്ടാ സീറ്റുകളുടെ എണ്ണം പരമാവധി ടി പ്രോഗ്രാമിൽ പൊതു വിഭാഗത്തിനായി സംവരണം ചെയ്ത സീറ്റുകളുടെ 20% സീറ്റുകളിലേക്ക് മാത്രമായി നിജപ്പെടുത്താവുന്നതാണ്.
2. കൾച്ചറൽ ക്വാട്ടാ പ്രവേശനത്തിനു ഒരു പ്രോഗ്രാമിനു 1 സീറ്റ് എന്ന ക്രമത്തിൽ നിലവിലുള്ള സംവരണം തുടരാവുന്നതും എന്നാൽ 'ഇന്റർ ചെയിഞ്ചബിലിറ്റി' അനുവദിക്കുമ്പോൾ മറ്റ് പ്രോഗ്രാമുകളിൽ നിന്നും ഒരു പ്രോഗ്രാമിലേക്ക് പൂൾ ചെയ്യുന്ന കൾച്ചറൽ ക്വാട്ടാ സീറ്റുകളുടെ എണ്ണം പരമാവധി ടി പ്രോഗ്രാമിൽ പൊതു വിഭാഗത്തിനായി സംവരണം ചെയ്ത സീറ്റുകളുടെ 10% സീറ്റുകളിലേക്ക് മാത്രമായി നിജപ്പെടുത്താവുന്നതാണ്.

മേൽ പറഞ്ഞ മാനദണ്ഡങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം ബഹുമാനപ്പെട്ട വൈസ് ചാൻസിലർ (ഇൻ ചാർജ്ജ്) അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ബൈജു .എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസിലറുടെ പി എസ്
2.രജിസ്ട്രാർ ,ഫിനാൻസ് ഓഫിസർ ,പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3.അസിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക് )
4.ഡെപ്യൂട്ടി രജിസ്ട്രാർ III (അക്കാദമിക് )
5.ജോയിൻറ് രജിസ്ട്രാർ I/II (ഭരണം )
6.എ.സി.എൽ/എസി.എ 1/എസി.എ 7
7.സീറ്റെക്സ്, ഐ ക്യൂ എ സി , കണ്ടെന്റ് മാനേജ്മെന്റ് സെൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 11295/AC B6/1/2019/AC B 6 Approved by ASSISTANT REGISTRAR IV ACADEMIC on 25-Apr-2019 01:51 PM - Page 2